## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1773 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **ഷീ ടാക്സി പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**" കെ.എസ്.ശബരീനാഥൻ**<br>**" എ.പി.അബ്ദുളളക്കുട്ടി**<br>**" വർക്കല കഹാർ** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് 'ഷി ടാക്സി പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി).സ്ത്രീകൾക്ക് സുരക്ഷിത യാത്ര ഒരുക്കുകയാണ് ഷീ ടാക്സി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കൂടാതെ സ്വയം തൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) സർക്കാർ സ്ഥാപനമായ ജെന്റർ പാർക്കിന്റെ പൂർണ്ണ മേൽനോട്ടത്തിലാണ് ഷീ ടാക്സി പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി താൽപര്യപത്രം ക്ഷണിക്കുകയും, പ്രസ്തുത താൽപര്യപത്രം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റെയ്ൻ കൺസേർട്ട് ടെക്നോളജീസിനെ ടി പദ്ധതിയുടെ ഫ്ളീറ്റ് ഓപ്പറേഷൻസ് കൈകാര്യം ചെയ്യുന്നതിനു വേണ്ടി ചുമതലപ്പെടുത്തുകയുമുണ്ടായി. സ്വയം തൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ടാണ് ഷീ ടാക്സി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഡ്രൈവിങ്ങ് ലൈസൻസും, ബാഡ്ജും ഉളള സ്ത്രീകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഡ്രൈവിങ്ങ് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുത്തതിനു ശേഷം വനിതകൾ സ്വന്തമായി വാഹനം വാങ്ങേണ്ടതാണ്. വാഹനം വാങ്ങുന്നതിന് വായ്പ ആവശ്യമുളളവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വനിതാ |

| | |
|---|---|
| | വികസന കോർപ്പറേഷനിൽ നിന്നും സ്ത്രീ സംരംഭകർക്കായുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം നിബന്ധനകൾക്ക് വിധേയമായി 8% പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കുന്നു. പദ്ധതി തുകയുടെ 10% സംരംഭകർ മുടക്കേണ്ടതും ബാക്കിയുള്ള 90% വായ്പയായി ലഭിക്കുന്നതുമാണ്. അപേക്ഷിച്ച എല്ലാ വനിതാ സംരംഭകർക്കും കോർപ്പറേഷൻ മുഖേന വാഹന വിലയുടെ 90% വരെ വായ്പാ നൽകിയിട്ടുണ്ട്. പുരുഷ കേന്ദ്രീകൃതമായ ടാക്സി മേഖലയിലേയ്ക്ക് സ്ത്രീകൾ സധൈര്യം മുന്നോട്ട് വന്ന് ടാക്സി ഡ്രൈവിങ്ങ് തൊഴിലായി സ്വീകരിക്കുകയും, പ്രസ്തുത പദ്ധതി വിജയിപ്പിച്ചെടുത്തതിന്റെയും അടിസ്ഥാനത്തിൽ ഷീ ടാക്സി ഗുണഭോക്താക്കൾക്കു വേണ്ടി ഒറ്റ തവണ സാമ്പത്തിക സഹായമായി 50,000/- രൂപ സർക്കാർ അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ